https://kwa.kerala.gov.in

'ജലം ജീവാമൃതം'

Tel: 04868 250101
Email: eekwaktpna@gmail.com

# കേരള വാട്ടർ അതോറിറ്റി

എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം
പ്രോജക്ട് ഡിവിഷൻ കട്ടപ്പന,
ഇടുക്കി-685515

Draft #14 of File 263/AE6/2023/Pr.D-KTPA-MTPZA Approved by Assistant Executive Engineer on 30-Mar-2024 12:13 PM - Page 1

നമ്പർ. 263/AE6/2023/Pr.D-KTPA-MTPZA (I) തീയതി: 30.03.2024

പ്രേഷകൻ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

സിബി കെ ജോസ്
കണ്ണമ്പുഴ (H)
പുതുപ്പാടി പി ഓ
മുളവൂർ 686673

സർ,

വിഷയം:- ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ശാന്തൻപാറ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി സ്ഥാപിക്കുന്ന പൈപ്പ് ലൈനുകളുടെ ടെസ്റ്റിംഗ് പൂർത്തീകരിച്ച് റോഡ് പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച് :-

സൂചന:- 1). കരാർ ഉടമ്പടി നമ്പർ 06/2023-24/SE/PHC/MVPA തീയതി 20/05/2023.

മേൽ സൂചനയിലുള്ള പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട് എങ്കിലും ഇടുക്കി ജില്ലയിലെ ജല ജീവൻ മിഷൻ പ്രവർത്തികൾ നടക്കുന്ന ചില മേഖലകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ടെസ്റ്റിംഗ് നടത്തി റോഡ് പൂർവ സ്ഥിതിയിലാക്കുന്നതിൽ കാലതാമസം വരുന്നതായും ശ്രദ്ധയിൽ വന്നിട്ടുണ്ട്. റോഡുകൾ പൂർവ സ്ഥിതിയിലാക്കാൻ കാല താമസം നേരിടുന്നതുമൂലം പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായും പരാതികൾ ലഭിക്കുന്നുണ്ട്. വളരെ ചരിവുകൂടിയ മേഖലകളിൽ മഴ പെയ്താൽ മണ്ണ് മുഴുവൻ ഒലിച്ചുപോകാനും സാധ്യതകൾ കൂടുതലാണ്.

അതിനാൽ തങ്ങളുടെ സൈറ്റിൽ മേൽ പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു. അതിനായി പൈപ്പ് ലൈനുകൾ സ്ഥാപിച്ച് പൂർത്തിയാക്കിയ മേഖലകളിലെ എല്ലാ റോഡും പുനഃസ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും, റോഡ് പൂർവ്വ സ്ഥിതിയിൽ ആക്കിയ മേഖല ഉൾപ്പെടുത്തി പാർട്ട് ബില്ലുകൾ സമർപ്പിക്കുന്ന രീതിയിൽ സൈറ്റ് വർക്കുകൾ റീഷെഡ്യൂൾ ചെയ്യണമെന്നും അറിയിക്കുന്നു. പ്രസ്തുത റോഡുകളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ABY M MUNDACKAL
അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ

പകർപ്പ്

1). COPY TO THE ASSISTANT ENGINEER FOR TAKING NECESSARY ACTION.

2). COPY TO THE EXECUTIVE ENGINEER FOR INFORMATION.

ഉള്ളടക്കം:

1). റോഡുകളുടെ ലിസ്റ്റ്.

2). രാജകുമാരി പഞ്ചായത്തിൽ നിന്നും ലഭിച്ച കത്ത്.

Draft #14 of File 263/AE6/2023/Pr.D-KTPA-MTPZA Approved by Assistant Executive Engineer on 30-Mar-2024 12:13 PM - Page 2

The document is digitally approved. Hence signature is not needed.

LETTER

Draft #14 of File 263/AE6/2023/Pr.D-KTPA-MTPZA Approved by Assistant Executive Engineer on 30-Mar-2024 12:13 PM - Page 3

Regd w AD

TQ
TATA PROJECTS QUALITY SERVICES
NABCB QM 039
ISO 9001:2015 CERTIFIED

# രാജകുമാരി ഗ്രാമപഞ്ചായത്ത് കാര്യാലയം

*(ഐ.എസ്.ഒ 9001 :2015 സർട്ടിഫൈഡ്)*

രാജകുമാരിസൗത്ത് പി.ഒ, ഇടുക്കി 685619 ഫോൺ- 04868 243248,email : rajakumarygp@gmail.com

നമ്പർ :എ2-1551/24 19/03/2024

പ്രേക്ഷിതൻ,

സെക്രട്ടറി,

രാജകുമാരി ഗ്രാമ പഞ്ചായത്ത്,

സ്വീകർത്താവ് .

പ്രോജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ,

ജലജീവൻ മിഷൻ, കട്ടപ്പന പ്രോജക്ട് ,

സർ,

വിഷയം - രാജകുമാരി ഗ്രാമ പഞ്ചായത്ത്-ജലജീവൻ പദ്ധതി- റോഡുകൾ അടിയന്തിരമായി നന്നാക്കുന്നത്-സംബന്ധിച്ച്.

സൂചന -

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. രാജകുമാരി ഗ്രാമപഞ്ചായത്തിലെ 6, 7, 8, 9, 10, 11 വാർഡുകളിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഏകദേശം 14 കി.മീ റോഡുകൾ ജെസിബി ഉപയോഗിച്ച് കുത്തിപ്പൊളിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്തിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്തിന്റെ അനുമതിയില്ലാതെ പൈപ്പുകൾ സ്ഥാപിക്കുകയും, ഇതിനുവേണ്ടി റോഡുകൾ കുഴിക്കുകയും തുടർന്ന് മാസങ്ങളായി, കുഴിച്ച ഭാഗം കോൺക്രീറ്റ് ചെയ്ത് പൂർവ്വ സ്ഥിതിയിലാക്കാതിരിക്കുകയും ചെയ്തതുമൂലം പഞ്ചായത്ത് റോഡുകൾക്ക് വലിയ നാശ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പലവർഷങ്ങളായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച റോഡുകളാണ് ഇതു മൂലം തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ റോഡുകൾ ഉപയോഗിച്ച വരുന്ന ജനങ്ങളുടെ ഭാഗത്തു നിന്നും സുഗമമായ യാത്ര സൗകര്യം നഷ്ടപ്പെട്ടതിനെ തുടർന്ന് വലിയ പ്രതിഷേധമാണ് ഉണ്ടായിട്ടുള്ളത്.

പൈപ്പുകൾ സ്ഥാപിക്കുന്നതിന് വേണ്ടി കുഴിയെടുത്ത് റോഡുകൾ മാസങ്ങൾ കഴിഞ്ഞിട്ടും പൂർവ്വസ്ഥിതിയിൽ ആക്കാത്തതുമൂലം പഞ്ചായത്തിന് നിലവിൽ 15000000/- (ഒരു കോടി അൻപത് ലക്ഷം ) രൂപ നഷ്ടം വന്നിട്ടുള്ളതായി കണക്കാക്കുന്നു. ആയതിനാൽ ഈ കത്ത് ലഭിച്ച് 15 ദിവസത്തിനകം പഞ്ചായത്ത് റോഡുകൾ പൂർവ്വ സ്ഥിതിയിൽ ആക്കുകയോ അല്ലാത്തപക്ഷം പഞ്ചായത്തിൽ 15000000/- (ഒരു കോടി അൻപത് ലക്ഷം ) രൂപ നിക്ഷേപിക്കുകയോ ചെയ്യണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

SECRETARY
RAJAKUMARY
GRAMA PANCHAYAT

Draft #14 of File 263/AE6/2023/Pr.D-KTPA-MTPZA Approved by Assistant Executive Engineer on 30-Mar-2024 12:13 PM - Page 4

**CONTRACTOR : SIBI K JOSE**

| SI.NO | RAJAKUMARI PANCHAYATH |
|---|---|
| 1 | MURIKKUMTHOTTY MUSLIM COLONY ROAD |
| 2 | NSS COLLEGE BACK ROAD TO MUNIYARACHAL |
| 3 | MUNIYARACHAL -KULAPPARACHAL ROAD |
| 4 | PANNIYAR JUNCTION MANGATT ROAD |
| 5 | KURUVILACITY -KALLUCOLONY ROAD |
| 6 | MYLATHOTTAM KAVALA-KULAPARACHAL ROAD |
| 7 | MURIKKUMTHOTTY-KURUVILACITY BRANCH ROAD |
| 8 | MILLUPADI- MULLANTHANDU ROAD |
| 9 | MULLANTHAND KURUVILACITY ROAD |
| 10 | KALLIPARA BRANCH ROAD |
| 11 | MURIKKUMTHOTTY-ILLIPALAM ROAD BRANCH LANES |
| 12 | KULAPPARACHAL TO ELLIPPALAM ROAD |
| 13 | KURUVILACITY -MANJAKKUZHI- JANDENIRAPP ROAD |
| 14 | JANDENIRAPP MANJAKUZHI ROAD |
| 15 | KURUVILA CITY -SOUL WINNING CHURCH ROAD |
| 16 | KURUVILACITY SHARON FELLOWSHIP CHURCH ROAD |
| 17 | ASHRAMAM ROAD |
| 18 | PANNIYAR JUNCTION-KULAPARACHAL ROAD |
| 19 | MONFORT SCHOOL BRANCH |
| 20 | MUNIYARACHAL BRANCH ROAD |
| **SI.NO** | **SANTHANPARA PANCHAYATH** |
| 1 | KIZHAKKATHIMALA- CHERIYAR ROAD |
| 2 | SHALOMKUNNU FOREST OFF ROAD |
| 3 | KIZHAKKATHIMALA TEMPLE ROAD |
| 4 | KAVUMBHAGAM ROAD |
| 5 | 10 ACRE ROAD |
| 6 | THOTTIKKANAM - KIZHAKKATHIMALA ROAD |
| 7 | KAVUMBHAGAM |
| 8 | VILLAGE PADI -KAVUMBHAGAM ROAD |
| 9 | VILLAGE PADI KAVUMBHAGAM -BRIDGE ROAD |
| 10 | KAVUMBHAGAM TEMPLE ROAD |
| 11 | KILIMANGALAM ROAD |
| 12 | E.P. VILLAGE ROAD |
| 13 | AYURVEDHA ROAD |
| 14 | TOWER ROAD |
| 15 | ANGANAVADI ROAD |
| 16 | ANGANAVADI TOWER ROAD |
| 17 | 10 ACRE ROAD |
| 18 | THOTTIKANAM to POOPARA ESTATE-GROUND |
| 19 | POOPPARA-PANNIYAR ESTATE ROAD |
| 20 | ANAYIRANKAL-KOZHIPANAKUDI-PANNIYAR ESTATE ROAD |
| 21 | PALLIKUNNU SCHOOL ROAD |
| 22 | PALLIKUNNU-JAMESPADI ROAD |
| 23 | PALLIKUNNU CHERIYAR ROAD |
| 24 | PALLIKUNNU JUNCTION-BRIDGE ROAD |
| 25 | SHANKAPPAN PARA ROAD |
| 26 | KR VIJAYA ESTATE ROAD |

| | |
|---|---|
| 27 | KVK SCHOOL- KANNALMUP ROAD |
| 28 | NJANDAR -PETHOTTY ROAD |
| 29 | PANNIYAR ESTATE PUNJAKARA COLONY ROAD |
| 30 | PUTHADY TO PUTHADY COLONY ROAD |

Draft #14 of File 263/AE6/2023/Pr.D-KTPA-MTPZA Approved by Assistant Executive Engineer on 30-Mar-2024 12:13 PM - Page 5